cattle farm തുടങ്ങിക്കൊണ്ട് ചാണകവും (കൗഡങ്) ജൈവ വളങ്ങളും ഉപയോഗിച്ച കൊണ്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും അതിനു വേണ്ടിയുള്ള ബോധവൽക്കരണവും നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *782.

തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും

2 (*782) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പൊതുജനങ്ങളുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം എല്ലാതലങ്ങളിലും ഒരുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ തൊഴിൽ വകുപ്പിന്റെ ഓഫീസുകളിൽ നേരിട്ട് നൽകാവുന്നതാണ്. കൂടാതെ എല്ലാ ഓഫീസുകളുടേയും ടെലിഫോൺ നമ്പറുകൾ ഉൾക്കൊള്ളുന്ന ടെലിഫോൺ ഡയറക്ടറിയും ഇ-മെയിൽ വിലാസം ഉൾക്കൊള്ളുന്ന ഇ-മെയിൽ ഡയറക്ടറിയും തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ടി വെബ് സൈറ്റിൽ on-line ആയി പരാതി/സംശയം ഉന്നയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

155300 എന്ന സംസ്ഥാന സർക്കാരിന്റെ toll free നമ്പരിലൂടെ ലഭിക്കുന്ന പരാതികൾക്കും പരിഹാരം കാണാവുന്നതാണ്.

(ബി) ഔദ്യോഗിക വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിച്ച് പൊതു ജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുജനങ്ങളുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരം കാണുന്നതിനായി 'മിഷൻ 676'-ൽ ഉൾപ്പെടുത്തി ലേബർ കമ്മീഷണറേറ്റിൽ ഒരു ഹെൽപ്പ് ലൈൻ സ്ഥാപിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) നിലവിലുള്ള രീതിയനുസരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള തൊഴിൽ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികൾ, ബന്ധപ്പെട്ട സബ് ഓഫീസുകൾക്ക് നൽകി, പരാതിക്ക് അടിയന്തരമായി പരിഹാരം കണ്ടെത്തുന്നു. തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഒരു ഹെൽപ്പ് ലൈൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി ഹെൽപ്പ് ലൈൻ സംവിധാനംവഴി പരാതി സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് മുൻഗണനാടിസ്ഥാനത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകാനും എത്രയുംവേഗം പരാതികൾ പരിഹാരിക്കുവാനും കഴിയുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, തൊഴിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുവരുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. സ്ത്രീകൾക്കുമാത്രമായി പ്രത്യേക സംവിധാനമില്ല, പൊതുവെയുള്ളതാണ്. അതനുസരിച്ച് പരിശോധനകൾ നടത്തി എവിടെയൊക്കെ വീഴ്ചയുണ്ടെന്ന് പറഞ്ഞാൽ അതിനെതിരെ നടപടി കൈക്കൊള്ളുന്നുണ്ട്.

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, തൊഴിൽ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരേയും ഇൻഷ്വറൻസിന് വിധേയമാക്കിയിട്ടുണ്ടോ; അതുപോലെതന്നെ ഇവരുടെ പേരുവിവരങ്ങൾ തൊഴിൽവകുപ്പിൽ നിന്ന് നേരിട്ട് പരിശോധന നടത്തുന്നതിനാവശ്യമായ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ, ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ : സർ, അങ്ങനെയൊരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല, മാത്രവുമല്ല കേരളത്തിലെ എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നവരുടെ പേരുവിവരങ്ങൾ ഗവൺമെന്റിന്റെ പക്കൽ ഇല്ല. ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിൽ വർക്ക്ചെയ്യുന്ന, അതിന്റെ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6,00,000-ൽപ്പരം തൊഴിലാളികളുടെ വിശദാംശങ്ങൾ മാത്രമാണ് ഗവൺമെന്റിന്റെ പക്കലുള്ളത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിരവധി നിയമനിർമ്മാണങ്ങളും പദ്ധതികളുമുണ്ട്. പക്ഷേ എൻഫോഴ്സ്മെന്റിന്റെ കാര്യത്തിൽ വളരെ കാലതാമസം വരുന്നുണ്ട്. എല്ലാ ജില്ലകളിലും ഇതുവരെ ഷോപ് എംപ്ലോയീസിന് വർക്ക്മെൻസ് കോമ്പൻസേഷനുണ്ടായിരുന്നു. എല്ലാ കാര്യങ്ങളും ജില്ലാടിസ്ഥാനത്തിൽ നടന്നു. പക്ഷേ ഈ അടുത്ത കാലത്തായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതെല്ലാം ക്ലബ്ബ് ചെയ്ത് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ കീഴിലാക്കി. ഇപ്പോൾ ഫലത്തിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾക്കായി ഒരു ഇൻഡസ്ട്രിയൽ ട്രൈബ്യൂണലേയുള്ളൂ. പലപ്പോഴും പാവപ്പെട്ട ആളുകൾക്ക് അനുവദിച്ച കോമ്പൻസേഷന്റെ ചെക്കുപോലും എഴുതാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ട് തൃശ്ശൂരിൽ ഒരു പുതിയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ആരംഭിക്കുവാനും അതുവരെ ആ പരിധിയിൽപ്പെട്ട പാവപ്പെട്ട ആളുകൾക്ക് അനുവദിച്ച ചെക്കെങ്കിലും കൊടുക്കാൻ അവിടത്തെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഈ അടുത്ത കാലത്ത് കേന്ദ്രഗവൺമെന്റ് എംപ്ലോയേഴ്സ് കോമ്പൻസേഷൻ കമ്മീഷണറുടെ യോഗ്യതകൾക്ക് മാറ്റം വരുത്തുകയുണ്ടായി. നിലവിൽ ചുമതലപ്പെടുത്തിയിരുന്ന ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ ആ യോഗ്യതയിൽനിന്ന് പുറത്തുപോയതുകൊണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനെ ഏൽപ്പിക്കാതെ മറ്റ് നിർവ്വാഹമില്ലാത്തൊരു സാഹചര്യം വന്നു. അങ്ങനെയാണ് കേരളത്തിലുള്ള അഞ്ച് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലേയ്ക്ക് ഈ ഫയൽ മുഴുവൻ ട്രാൻസ്ഫർ ചെയ്യേണ്ടിവന്നത്. എന്നാൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ആറ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾകൂടി കേരളത്തിൽ ആരംഭിക്കുന്നതിന് പ്രഖ്യാപനമുണ്ടായി. തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് അത് നടപ്പിലാക്കാതിരിക്കുകയാണ്. അവയിൽ തൃശ്ശൂരും ഉൾപ്പെടുന്നു. ആറ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾകൂടി വന്നു കഴിയുമ്പോൾ തീർച്ചയായും ഈ വിഷയത്തിന് പരിഹാരമുണ്ടാകും. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അതിന്റെ പ്രോസസ്സ് മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ആധുനിക യുഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഐ.ടി. മേഖല. അവിടെയാണ് ഏറ്റവുമധികം ഹ്യൂമൻ റൈറ്റ്സ് വയലേഷൻ നടക്കുന്നത്. ജോലിക്ക് സ്ഥിരതയില്ലെന്ന് മാത്രമല്ല, എത്രമണിക്കൂർ ജോലി ചെയ്യണമെന്നുപോലും പിടിയില്ല. ബി.ടെക്. കഴിഞ്ഞ ഏകദേശം ഇരുപത് വയസ്സുള്ള കുട്ടികളാണ് ഈ ജോലിക്കായി വരുന്നത്. അവർ 30000, 40000 രൂപ ശമ്പളം കിട്ടുമെന്ന് കരുതി അങ്ങോട്ടേയ്ക്ക് പോവുകയാണ്. 30 വയസ്സ് കഴിഞ്ഞാൽ പിന്നെ അവർക്ക് ജോലിചെയ്യാൻ കഴിയാത്തരൂ എക്സ്പ്ലോയിറ്റേഷനാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ ഈ രംഗത്ത് ഇടപെടാൻ എന്തെങ്കിലും നിയമങ്ങൾ ഇപ്പോഴുണ്ടോ; ഇല്ലെങ്കിൽ നിയമമുണ്ടാക്കാൻ തൊഴിൽ വകുപ്പ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, നിലവിൽ അതിൽ ഇടപെടാൻ നിയമ തടസ്സമൊന്നുമില്ല; ഇടപെടുന്നുണ്ട്, പരിശോധനകൾ നടത്തുന്നുണ്ട്. കഴിഞ്ഞ ആഴ്ച ഒരു സ്ഥാപനത്തിൽ നിന്ന് രണ്ടായിരത്തോളം പേരെ പിരിച്ചുവിട്ടുവെന്നൊരു പരാതി ലഭിച്ചതിനെത്തുടർന്ന് അതിന്റെ വസ്തുതകൾ പരിശോധിച്ചുവരികയാണ്. തൊഴിൽ വകുപ്പ് ഇപ്പോഴും ഇക്കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. പക്ഷെ, ഐ.ടി. മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് കേരളത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ അവിടെ തൊഴിലുമായി ബന്ധപ്പെട്ട് ഒരു അന്താരാഷ്ട്ര സംസ്കാരം നിലനിൽക്കുകയാണ്. ഒരു ഭാഗത്ത് ഐ.ടി.-യെ ആകർഷിക്കുക എന്നത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. മറുഭാഗത്ത് തൊഴിൽപരമായ നിയമങ്ങൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്വവുമുണ്ട്. ഇതിന്റെ ഒരു ബാലൻസിംഗ്ആക്ടാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. തീർച്ചയായും സ്പെസിഫിക്കായി പരാതി ലഭിക്കുന്ന എല്ലാ കേസുകളിലും ഗവൺമെന്റ് ഇടപെടുന്നുണ്ട്.

മി. സ്പീക്കർ : ഇവിടെ ഐ.ടി. ബേസ്ഡ് തൊഴിൽ സംരംഭം വരുന്നതിന്റെ പേരിൽ മനുഷ്യന്റെ പ്രാഥമിക അവകാശങ്ങൾ ഹനിക്കപ്പെടുന്നത് നോക്കി നിൽക്കാൻ സാധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, എല്ലാ സ്ഥാപനങ്ങളിലും അങ്ങോട്ട് കയറി വലിയൊരു പരിശോധന നടത്തുന്നില്ല. എന്നാൽ, പരാതികൾ ഉയരുന്ന പശ്ചാത്തലത്തിൽ അക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്.

മി. സ്പീക്കർ : തീർച്ചയായും, അനുമതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. റ്റി. ജോർജ് : സർ, പൊതുജനങ്ങളുമായി ഏറ്റവും അടുത്ത് ഇടപഴകുന്ന ഒരു വിഭാഗം തൊഴിലാളികളാണ് കയറ്റിറക്ക് തൊഴിലാളികൾ. ഗ്രാമപ്രദേശങ്ങളിലെ സ്റ്റാറ്റേർഡ് വിഭാഗങ്ങളിൽ പണിയെടുക്കുന്ന ഇത്തരം തൊഴിലാളികൾ വളരെക്കാലമായി തൊഴിൽ ചെയ്യുകയും അവർക്ക് ഗവൺമെന്റ് കൊടുക്കുന്ന തിരിച്ചറിയൽ കാർഡ് ലഭിക്കാത്ത അവസ്ഥയുമുണ്ട്. വിശേഷിച്ചും നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ തൊഴിലാളികൾക്ക് ഈ കാർഡ് ലഭിക്കുന്നതിന് ഒരുപാട് കാലതാമസം അനുഭവപ്പെടുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഭാഗം തൊഴിലാളികൾക്ക് പെട്ടെന്ന് തൊഴിൽ കാർഡ് കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഓരോ പ്രദേശമെന്നുള്ള നിലയിൽ എനിക്ക് മറുപടി പറയാൻ സാധിക്കുകയില്ല. അങ്ങനെ ഗവൺമെന്റ് നിർദ്ദേശ പ്രകാരം തടസ്സമൊന്നുമുണ്ടാകുന്നില്ല. ഏതെങ്കിലും മേഖലയിൽ പ്രത്യേകിച്ച് പരാതി ഉണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിൽ വളരെ പഴക്കമുള്ള ഒരു തൊഴിൽ നിയമമാണ് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്. കേരളത്തിൽ ഇന്നുവരെ ആ നിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിയെങ്കിൽ ഈ നഗരങ്ങളിൽ എട്ടുമണിക്കുശേഷം ഒരു ഷോപ്പുപോലും തുറന്നുപ്രവർത്തിക്കുമായിരുന്നില്ല. ഇപ്പോൾ കടകൾ, തുറക്കുന്നതും അടയ്ക്കുന്നതുമെല്ലാം അവരുടെ ഇഷ്ടം പോലെയാണ്. അവധി കൊടുക്കാറേയില്ല. അവധി ദിനങ്ങളിൽപ്പോലും ഷോപ്പുകൾ തുറന്നു പ്രവർത്തിക്കുന്നു. രാത്രികാലങ്ങളിൽ ഇത് ക്രമസമാധാന പ്രശ്നമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഈ ആക്ട് എൻഫോഴ്സ് ചെയ്യാൻ എന്ത് നടപടിയെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഈ ആക്ടിന്റെ വ്യവസ്ഥകൾ കാലാനുസൃതമായി പ്രയോജനകരമല്ല. ഉദാഹരണത്തിന് അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ആഴ്ചയിൽ ആറ്ദിവസം ജോലിചെയ്യുകയും ഏഴാമത്തെ ദിവസം ഓഫ് വേണമെന്ന് പറയുകയും ചെയ്യുന്നുണ്ട്. ഞായറാഴ്ച കടതുറന്നുവച്ചാലും വെറും അമ്പത് രൂപ ഫൈൻ ചുമത്താൻമാത്രമേ ഗവൺമെന്റിന് പ്രൊവിഷനുള്ളൂ. ഇത് സെൻട്രൽ ആക്ട് ആയതുകൊണ്ട് ഓരോ ഒഫൻസിനും ആക്ടിൽ മെൻഷൻ ചെയ്തിരിക്കുന്ന 250 രൂപ മാത്രമേ ഫൈൻ ചുമത്താൻ സാധിക്കുകയുള്ളൂ. ആ നിലയിലേയ്ക്ക് പൂർണ്ണമായും അതിന്റെ അമെന്റ്മെന്റ്സ് വന്നിട്ടുണ്ട്. അതിന്റെ അമെന്റ്മെന്റ്സ് അടങ്ങുന്ന ബിൽ നിയമസഭയിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്.

നിർഭാഗ്യവശാൽ സമയമില്ലാത്തതുകൊണ്ട് ഈ സെഷനിൽ ടേക്ക്-അപ് ചെയ്യാൻ പറ്റുന്നില്ലെന്നേയുള്ളൂ. തുടർന്ന് ആ നിയമവുമായി മുന്നോട്ടു പോകാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വർക്കല കഹാർ</u> : സർ, നമ്മുടെ നാട്ടിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാകാത്തതാണ് പ്രധാനപ്പെട്ടൊരുകാര്യം. ഇപ്പോൾ മിനിമം വേജസ് പ്രഖ്യാപിച്ചാൽത്തന്നെ അതുപോലും പലപ്പോഴും തൊഴിലാളികൾക്ക് ലഭിക്കുകയില്ല. അത് ലഭിക്കാതിരിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം, പല സ്ഥലങ്ങളിലും കൊടുക്കുന്ന കൂലി വാങ്ങി കണക്കിന് കിട്ടിയെന്ന് രേഖപ്പെടുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അതിനുള്ള പ്രധാനപ്പെട്ട കാരണം, നമ്മുടെ നാട്ടിൽ എൻഫോഴ്സ്മെന്റിന് യഥാർത്ഥത്തിലുള്ള ഒരു സംവിധാനമില്ല എന്നുള്ളതാണ്. എൻഫോഴ്സ്മെന്റ് വിംഗ് സജീവമാകണമെങ്കിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥ സംവിധാനമുണ്ടാകണം. പതിറ്റാണ്ടുകൾക്കുമുമ്പുള്ള ഉദ്യോഗസ്ഥ സംവിധാനത്തെവച്ച് എൻഫോഴ്സ്മെന്റ് സംവിധാനത്തെ സജീവമായി കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഇത് സമ്പൂർണ്ണമായ രീതിയിൽ കൊണ്ടുവരുന്നതിനാവശ്യമായ സംവിധാനമൊരുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ഇതിനും നേരത്തെ പറഞ്ഞ മറുപടിയാണ്. പലതും സെൻട്രൽ ആക്ടായതുകൊണ്ട് അതിലെ പ്രൊവിഷൻസ് കാലാനുസൃതമായി മാറിയിട്ടില്ല. പുതിയ കേന്ദ്ര ഗവൺമെന്റ് വന്നപ്പോൾ കുറേയധികം ലേബർ നിയമങ്ങളിൽ പരിഷ്കാരം വരുത്തുമെന്ന് പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ അത് നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ കൂടുതൽ stringent ആക്കുകയല്ല, മറിച്ച് കുറേക്കൂടി ലഘൂകരിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. തൊഴിലാളികളെ പിരിച്ചുവിടാൻപോലുമുള്ള അവകാശം കൊടുക്കുന്ന നിലയിലേയ്ക്കാണ് അവരുടെ ആലോചനയെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് സെൻട്രൽ ഗവൺമെന്റ് ആകുമ്പോൾ സെൻട്രൽ ഗവൺമെന്റിന് മാത്രമേ അതിന്റെ പരിഷ്കാരം നടത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് നിരവധി റെപ്രസെന്റേഷനുകൾ ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ട്. അടുത്ത ലേബർ കോൺഗ്രസിൽ ഈ വിഷയം ഉന്നയിക്കാൻ തന്നെയാണ് ആലോചിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, പൊൻമുടി-മെർക്കിൻസ്റ്റൺ-ബോണക്കാട് തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ സമരത്തിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. പൊൻമുടി തോട്ടം പൂട്ടിയിട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് പണിയില്ല. മെർക്കിൻസ്റ്റൺ എസ്റ്റേറ്റിലാണെങ്കിൽ ഇന്നലെ പത്രത്തിൽ കണ്ടതാണ്, തൊഴിലാളി ഇറങ്ങി തേയിലകിളന്ത് നശിപ്പിക്കുന്നത്. ബോണക്കാട് എസ്റ്റേറ്റിൽ പണി കൊടുക്കുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുക്കാൻ പോകുന്നത്?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഇത്തരം പത്രവാർത്തകൾ ഞാനും ശ്രദ്ധിച്ചു. തുടർന്ന് ലേബർ കമ്മീഷണറേറ്റിൽ ഡയറക്ഷൻ കൊടുത്തിരിക്കുകയാണ്. ബോണക്കാട്ടിൽ വളരെ നിഷേധാത്മകമായ നിലപാട് മാനേജ്മെന്റ് കൈക്കൊണ്ടിരിക്കുകയാണ്. മാനേജ്മെന്റിനെതിരായ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകാനുള്ള സ്റ്റെപ്സ് ലേബർ കമ്മീഷണറേറ്റിൽനിന്നും ആരംഭിച്ചുകഴിഞ്ഞു. അതിന്റെ എല്ലാ ഡയറക്ടർമാർക്കുമെതിരെ പ്രോസിക്യൂഷൻ നടപടിയുമായി മുന്നോട്ടുപോവുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ട പോകുന്നത്. മറ്റ് രണ്ട് എസ്റ്റേറ്റുകളുടെയും കാര്യം പരിശോധിച്ച് മറുപടി പറയുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *783

കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്

3 (*783) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;